"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പബ്ലിക് സർവീസസ് - പബ്ലിക് സർവീസിലേക്കുള്ള റിക്രൂട്ട്മെന്റ് - പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/P&ARD തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:- 1. 20.06.2012 തീയതിയിലെ സ.ഉ.(എം.എസ്) നം.28/2012/പി&എആർഡി.
2. 07/01/2013 തീയതിയിലെ സ.ഉ(പി) നം.170/2012/ഫിൻ.
3. 13.05.2014 തീയതിയിലെ സ.ഉ.(പി) നം.12/2014/പി&എആർഡി.

**ഉത്തരവ്**

01.04.2013 തീയതി മുതൽ സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് ദേശീയ പെൻഷൻ സ്കീം (National Pension Scheme) ബാധകമാക്കിയും, പ്രസ്തുത ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി നിശ്ചയിച്ചും പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി നിയമനങ്ങൾക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം(3) ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നാല് വർഷത്തെ വർദ്ധനവ് വരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

3) Public Services (Raising of Upper Age Limit for Appointment) Rules-ൽ ഉചിതമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/

സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി., തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ (എസ്.സി.) വകുപ്പ് [24-02-2026-ലെ ഇനം നം. 3737 പ്രകാരം].
നിയമ വകുപ്പ് (OPN-E1/43/2026-LAW നമ്പർ ഫയൽ പ്രകാരം).
ധനകാര്യ വകുപ്പ് (3401795/EXP-B4/17/2026-FIN നമ്പർ ഫയൽ പ്രകാരം).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി].
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-എ, ബി) വകുപ്പുകൾ.
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Dileep D
Date: 28-02-2026 11:31:16
സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2026

ഫയൽ നം. റൂൾ-എ1/64/2025/പി&എആർഡി. ഇനം നം: 3737

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

-217-

3737

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റൂൾഎ 1/64/2025-പി&എആർഡി |
| 2. | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-എ) വകുപ്പ് |
| 3. | വിഷയം | : | പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/01/2026 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഇല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചിട്ടുണ്ട്. അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>നിയമ വകുപ്പ്.<br>അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ലീന എ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/02/2026 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 24/02/2026 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയമാണ് ഈ കുറിപ്പിൽ പരിശോധിക്കുന്നത്.

2) 22/03/2012-ലെ G.O.(P)No.170/2012/Fin ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാകുന്ന ജീവനക്കാരുടെ പെൻഷൻ പ്രായം ഒരു വർഷം ഉയർത്തി 56 ആക്കിയിരുന്നു. ഇപ്രകാരം വിരമിക്കൽ പ്രായം വർദ്ധിപ്പിച്ചതിനെ തുടർന്ന് വിവിധ തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്നതിൽ കാലതാമസം ഉണ്ടാവുകയും അതുമൂലം പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധി കഴിയാറായ ഉദ്യോഗാർത്ഥികൾക്ക് അവസരനഷ്ടം ഉണ്ടാകുന്നതിനും ഇടയായി. ടി സാഹചര്യം മറികടക്കുന്നതിനായി, പൊതു സർവീസിലെ വിവിധ തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഒരു വർഷം വർദ്ധനവ് വരുത്തി സർക്കാർ 20.06.2012-ലെ G.O.(Ms.)No.28/2012/P&ARD ഉത്തരവ് പുറപ്പെടുവിക്കുകയും അതിന് നിയമസാധുത നൽകിക്കൊണ്ട് Public Services (Raising of Upper Age Limit for Appointment) Rules ഭേദഗതി ചെയ്ത് 13/05/2014-ലെ G.O.(P)No.12/2014/P&ARD ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

3) 07/01/2013 തീയതിയിലെ G.O.(P)No.20/2013/Fin ഉത്തരവ് വഴി സംസ്ഥാനത്ത് ദേശീയ പെൻഷൻ സ്കീം (National Pension Scheme) നടപ്പിലാക്കിയിരുന്നു. ടി പെൻഷൻ പദ്ധതിയിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി നിശ്ചയിക്കുകയും ചെയ്തിരുന്നു. അപ്രകാരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കിയതിന് ആനുപാതികമായി,

പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തി ഉത്തരവായിരുന്നില്ല. കോവിഡ് സാഹചര്യത്തിൽ പി.എസ്.സി നിയമനങ്ങളിൽ കാലതാമസം ഉണ്ടായി എന്നും, കോവിഡ് സാഹചര്യത്തിൽ യഥാസമയം നിയമന പ്രക്രിയകൾ നടത്തുന്നതിലുണ്ടായ കാലതാമസം കണക്കിലെടുത്ത് വിവിധ സംസ്ഥാനങ്ങളിൽ (ഒഡീഷ, ത്രിപുര, ഗുജറാത്ത്, രാജസ്ഥാൻ, നാഗാലാൻഡ്, മഹാരാഷ്ട്ര, തെലങ്കാന, ഗോവ, ആന്ധ്രാപ്രദേശ്, ഹരിയാന, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ്, മധ്യപ്രദേശ്) പൊതുസേവനത്തിലേക്കുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധിയിൽ താൽക്കാലികമായി ഇളവ് അനുവദിക്കുകയോ സ്ഥിരമായി വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടുണ്ട് എന്നും ചൂണ്ടിക്കാട്ടി, പി.എസ്.സി നിയമനങ്ങൾക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി 36-ൽ നിന്നും 40 വയസ്സ് ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയും ഉദ്യോഗാർത്ഥികൾ കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

4) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാർ സർവീസിലെ വിവിധ തസ്തികകളിൽ നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി എല്ലാ തസ്തികകൾക്കും ഒരേ പോലെയല്ല. ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾക്കോ എക്സിക്യൂട്ടീവ് ഉത്തരവുകൾക്കോ അനുസൃതമായാണ് തസ്തികകളിൽ നിയമനത്തിനുള്ള പ്രായപരിധി നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ കോവിഡ്-19 സാഹചര്യം പരിഗണിച്ച് പല സംസ്ഥാനങ്ങളും PSC നിയമനങ്ങൾക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധിയിൽ താൽക്കാലികമായോ സ്ഥിരമായോ വർദ്ധനവ്

വരുത്തിയിട്ടുള്ളതായും കാണുന്നു. ടി വസ്തുതകൾ പരിഗണിച്ചുകൊണ്ട്, പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ച് അപ്രകാരം പ്രായപരിധി വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറിപ്പിന്റെ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പകർപ്പുകൾ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം ലഭ്യമാക്കി അതുകൂടി ചേർത്ത് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു. ഈ വിഷയത്തിലുള്ള കോടതി ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

*"ശ്രീമതി പ്രീതി പി മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 954/2025-ലെ ബഹു. ട്രൈബ്യൂണലിന്റെ 05/06/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, Public Services (Raising of Upper Age Limit for Appointment) Rules-ൽ പിന്നീട് ഭേദഗതി വരുത്തും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, നിവേദകർ ആവശ്യപ്പെട്ടിരിക്കുന്നത് പ്രകാരം, പി.എസ്.സി പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു.*

*ഇതിന് ബഹു. ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്."*

ഈ വിഷയത്തിൽ നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ കണ്ടാലും.

"പി.എസ്.സി പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നിവേദകരായ ശ്രീമതി പ്രീതി പി മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 954/2025-മേൽ ബഹു. ട്രൈബ്യൂണലിന്റെ 05/06/2025 തീയതിയിലെ വിധിന്യായത്തിൽ ടിയാളുകളുടെ നിവേദനത്തിൽ, ടിയാളുകളെ കേട്ട ശേഷം, ഉചിതമായ നടപടികൾ സ്വീകരിച്ച് യുക്തമായ തീരുമാനമെടുക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1978-ലെ The Public Services (Raising of Upper Age Limit for Appointment) Rules പ്രകാരമാണ് വിവിധ തസ്തികകളിലേക്കുള്ള ഉയർന്ന പ്രായപരിധി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടം, 13.05.2014-ലെ G.O.(P)No.12/2014/P&ARD ഉത്തരവായും, 31.05.2014 തീയതിയിലെ 1392-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ S.R.O. No.335/2014 ആയി വിജ്ഞാപനം ചെയ്ത് പ്രസിദ്ധപ്പെടുത്തി, നിലവിലെ ചട്ടം supersede ചെയ്തുകൊണ്ട് The Public Services (Raising of Upper Age Limit for Appointment) Rules, 2014 പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ചട്ട പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ഉയർന്ന പ്രായപരിധി പ്രകാരമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ recruitment നടത്തിവരുന്നത്. വിവിധ തസ്തികകളിലേക്കുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. പൊതുനിയമനങ്ങൾക്കായുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തേണ്ടതായ സാഹചര്യം ഉള്ളതായി ഭരണവകുപ്പിനു ബോധ്യപ്പെടുന്ന പക്ഷം Kerala Public Services Act -ലെ വകുപ്പ് 2(1) ലെ അധികാരം ഉപയോഗിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടുകൊണ്ട് ഉചിത തലത്തിൽ അനുമതി തേടിയശേഷം സർക്കാരിന് ചട്ടം പുറപ്പെടുവിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

5) മേൽ അഭിപ്രായങ്ങൾ പ്രകാരം, പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി വർദ്ധിപ്പിക്കുന്ന വിഷയത്തിൽ നിയമ വകുപ്പും ധനകാര്യ വകുപ്പും യോജിക്കുകയാണ് ചെയ്തിട്ടുള്ളത്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

Public Services (Raising of Upper Age Limit for Appointment) Rules-ൽ പിന്നീട് ഉചിതമായ ഭേദഗതി വരുത്തും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നാല് വർഷത്തെ വർദ്ധനവ് വരുത്തി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കാമോ?